

# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്


ആറ്റുകാൽ, തിരുവനന്തപുരം

സ്ത്രീകളുടെ ശബരിമല

ഫോൺ : 0471 2463130 ക്ഷേത്രം : 2456456, 6540788

Website : www.attukal.org, E-mail: attukal@vsnl.com


## കുത്തിയോട്ട വ്രത നേർച്ചക്കാർ പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ സമ്മതിച്ച് ട്രസ്റ്റ് സെക്രട്ടറി മുമ്പാകെ രക്ഷകർത്താവ് സമർപ്പിക്കുന്ന

## സമ്മതപത്രം

1. കുത്തിയോട്ടത്തിന് പേര് രജിസ്റ്റർ ചെയ്യുന്ന ആൺകുട്ടികളെ ക്രമനമ്പർ അനുസരിച്ച് 7 പേരടങ്ങുന്ന ഓരോ ഗ്രൂപ്പുകളായി തരംതിരിക്കുന്നതാണ്.
2. 24/02/2018 ന് 6 വയസ്സ് പൂർത്തിയാക്കിയവരും എന്നാൽ അതേ ദിവസം 12 വയസ്സ് കഴിയാത്തവരുമായ ആൺകുട്ടികളെ മാത്രമേ കുത്തിയോട്ട വ്രതത്തിനു രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ.
3. കുത്തിയോട്ട രജിസ്ട്രേഷൻ 17.08.2017 വ്യാഴാഴ്ച ട്രസ്റ്റ് ഓഫീസിലെ കൗണ്ടർ വഴിയും ഓൺലൈനായി ട്രസ്റ്റ് Website ആയ www.attukal.org ൽ കൂടിയും രാവിലെ 8 മണിയ്ക്ക് ആരംഭിക്കുന്നതും, 19/02/2018 തിങ്കളാഴ്ച രാത്രി 8 മണിയ്ക്ക് കൗണ്ടർ വഴിയുള്ള രജിസ്ട്രേഷൻ അവസാനിക്കുന്നതും, 20/02/2018 ചൊവ്വാഴ്ച വൈകുന്നേരം 5 മണി വരെ ഓൺലൈൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതുമാണ്.
4. കുത്തിയോട്ടം നിറുത്തുന്നതും, ചമയിക്കുന്നതും, ചൂരൽ കുത്തുന്നതും, ദേവിക്ക് അകമ്പടി സേവിക്കുന്നതും, ചൂരൽ ഇളക്കുന്നതും ബുക്കു ചെയ്യുന്ന ക്രമനമ്പർ അനുസരിച്ചായിരിക്കും.
5. കുത്തിയോട്ടത്തിന് വേണ്ടതായ ചമയം, വസ്ത്രം, പുഷ്പം, കലാപരിപാടികൾ, മേളം എന്നിവ ക്ഷേത്ര ട്രസ്റ്റിൽ നിന്നും സജ്ജമാക്കുന്നുണ്ട്. സ്വന്തമായി മേളങ്ങൾ കൊണ്ടുവന്ന് കുത്തിയോട്ടത്തിന് അകമ്പടി സേവിക്കുവാൻ ആരെയും അനുവദിക്കുന്നതല്ല.
6. കുത്തിയോട്ടത്തിന്റെ ചമയം, വസ്ത്രം, മേളം, മാറ്റ്, മിനുക്ക്, ഭക്ഷണം തുടങ്ങിയ ചെലവുകൾക്കായി 7500/- രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ കുത്തിയോട്ട വ്രതാരംഭ ദിവസം അതായത് **24/02/2018** ൽ പള്ളിപ്പലകയിൽ വയ്ക്കുവാനുള്ള 7 രൂപയും (7 ഒറ്റ രൂപാ നാണയം), ധരിക്കുന്നതിനായി ഒരു തോർത്തുമായി കുട്ടിയെ കൊണ്ടുവരേണ്ടതും ക്ഷേത്രത്തിന് മുൻവശം ക്രമനമ്പർ അനുസരിച്ച് രേഖപ്പെടുത്തിയിട്ടുള്ള ക്യൂവിൽ കുട്ടികളെ നിർത്തേണ്ടതും, പൊങ്കാലയുടെ പിറ്റേദിവസം ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്നും തിരികെ വരുമ്പോൾ ക്രമനമ്പർ അനുസരിച്ചുള്ള ക്യൂവിൽ നിൽക്കേണ്ടതുമാണ്. **(കുത്തിയോട്ട വ്രതാരംഭം രാവിലെ 8.45 ന്)**
7. കുത്തിയോട്ട വ്രതം ആരംഭിക്കുന്ന ദിവസം (**24/02/2018**) മുതൽ ചൂരൽ കുത്തുന്നത് (**02/03/2018**) വരെ യാതൊരു വിധമായ ഭക്ഷണ സാധനങ്ങളും പുറത്തു നിന്നും കൊണ്ടുവന്ന് കുട്ടികൾക്ക് നേരിട്ട് കൊടുക്കുവാൻ അനുവദിക്കുന്നതല്ല.
8. പൊങ്കാല ദിവസം ഗ്രൂപ്പുകളായി തിരിച്ചിട്ടുള്ള മുറയ്ക്ക് കുത്തിയോട്ട കുട്ടികളെ ചമയിച്ച് ഇറക്കുന്നതും അതാത് ഗ്രൂപ്പുകൾക്ക് അനുവദിച്ചിട്ടുള്ള മേളം, വീശറി, കസേര എന്നിവ സഹിതം രക്ഷകർത്താക്കളെ ഏല്പിക്കുന്നതും അവർ കുട്ടികളെ ക്ഷേത്രസന്നിധിയിൽ കൊണ്ടുവന്ന് ചൂരൽ കുത്തി അവരവരുടെ ഉത്തരവാദിത്വത്തിൽ ക്രമം തെറ്റാതെ എഴുന്നെള്ളിപ്പിൽ അകമ്പടി സേവിക്കേണ്ടതും മണക്കാട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെത്തി പൂർവ്വാചാരപ്രകാരമുള്ള ചടങ്ങുകൾക്ക് ശേഷം തിരിച്ച് ദേവീ സന്നിധിയിൽ വന്ന് ആരാധന നടത്തി ചൂരൽ ഇളക്കിയശേഷം കുട്ടികളെ കൂട്ടിക്കൊണ്ടുപോകേണ്ടതുമാണ്.
9. കുത്തിയോട്ട ഘോഷയാത്ര അടുക്കും, ചിട്ടയുമായി നടത്തുന്നതിന് നറുക്കെടുപ്പിലൂടെ കലാപരിപാടിയും, മേളവും നിശ്ചയിക്കുന്നതാണ്.
10. കുട്ടികളെ ചമയിക്കുന്ന സ്ഥലത്ത് ആരെയും പ്രവേശിപ്പിക്കുന്നതല്ല. ഓരോ ഗ്രൂപ്പിലുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ഓരോ കുട്ടിക്കും രണ്ട് പാസ്സ് എന്ന ക്രമത്തിൽ 7-ാം ഉത്സവദിവസമായ 28/02/2018 ന് ട്രസ്റ്റ് ഓഫീസിൽ നിന്നും നൽകുന്നതാണ്.
11. കുട്ടികൾ അണിഞ്ഞിരിക്കുന്ന വസ്ത്രങ്ങൾ, വിഗ്, കിരീടം തുടങ്ങിയവ അവരവർക്കുതന്നെ കൊണ്ടുപോകാവുന്നതാണ്. എന്നാൽ ക്ഷേത്രത്തിൽ നിന്നും നൽകിയിട്ടുള്ള കിണ്ടി ചമയിക്കുന്നതിന് മുമ്പും, കസേരകൾ ചൂരൽ ഇളക്കുന്നതിനു മുമ്പും ക്ഷേത്രത്തിൽ തിരികെ ഏല്പിക്കേണ്ടതാണ്.
12. ചൂരൽ ഇളക്കുന്ന സമയത്ത് കെട്ടുവാനുള്ള തോർത്തും വെറ്റിലയും ക്ഷേത്രത്തിൽ നിന്നും നൽകുന്നതാണ്.
13. എഴുന്നെള്ളത്തിന്റെയും ഘോഷയാത്രയുടെയും സുഗമമായ പ്രവർത്തനത്തിനു വേണ്ടി ക്ഷേത്ര ഭാരവാഹികളും, കുത്തിയോട്ട കമ്മിറ്റി അംഗങ്ങളും, പോലീസ് ഉദ്യോഗസ്ഥരും അപ്പോഴപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
14. കുട്ടികൾക്ക് എന്തെങ്കിലും മരുന്ന് കൊടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ ആ വിവരം ചികിത്സ നടത്തുന്ന ഡോക്ടറിൽ നിന്ന് എഴുതി വാങ്ങികൊണ്ടുവരേണ്ടതും മരുന്നുകൾ കുത്തിയോട്ട കമ്മിറ്റി കൺവീനറെ ഏല്പിക്കേണ്ടതുമാണ്.
15. ഓൺലൈനായി കുത്തിയോട്ടം ബുക്ക് ചെയ്യുന്നവർ കുട്ടിയുടെ പാസ്സ്പോർട്ട് സൈസ് ഫോട്ടോ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതും ട്രസ്റ്റ് ഓഫീസ് കൗണ്ടർവഴി കുത്തിയോട്ടം ബുക്ക് ചെയ്യുമ്പോൾ കുട്ടിയുടെ 2 പാസ്പോർട്ട് സൈസ് ഫോട്ടോ നിർബന്ധ മായും കൊണ്ടുവരേണ്ടതുമാണ്.
16. മേൽപറഞ്ഞ നിബന്ധനകളിൽ ആവശ്യമെന്നുകണ്ടാൽ യുക്തമായ ഭേദഗതികൾ വരുത്തുന്നതിന് ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**മേൽപ്പറഞ്ഞ വ്യവസ്ഥകൾ വായിച്ച് ബോദ്ധ്യം വന്നിട്ടുള്ളതും ആയവ അംഗീകരിച്ച് പൂർണ്ണമായും സ്വമനസ്സാലെയാണ് കുട്ടിയെ കുത്തിയോട്ട വ്രതത്തിന് നിറുത്തുന്നതെന്നും അറിയിച്ചുകൊള്ളുകയും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് പ്രവർത്തിച്ച് കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.**

രക്ഷകർത്താവിന്റെ പേരും ഒപ്പും

പൂർണ്ണമേൽവിലാസം

ഫോൺ നമ്പർ മൊബൈൽ നമ്പർ

തീയതി: